# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## Panackal SKVLPS



# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ കേരള സർക്കാർ പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഓരോ കുട്ടിക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 2025 26 അധ്യായനവർഷത്തിലും മുന്നേറുകയാണ്.

കേരളം പരിഷ്കൃത സമൂഹങ്ങളിലെ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിസ്ഥാന പ്രമാണത്തെ കണ്ടെത്തിയിരിക്കുകയാണ്. പൗരബോധവും സാമൂഹിക ബോധവും സാംസ്കാരിക കെട്ടുറപ്പമുള്ള വ്യക്തികളെ സൃഷ്ടിക്കുകയാണ് ഈ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

നമ്മുടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടുകളും ജനാധിപത്യ മൂല്യങ്ങളും മുറുകെപ്പിടിച്ച് ഓരോ തലമുറയും വിദ്യ നേടി മുന്നേറുകയാണ്.വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നത് കുട്ടിയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിന് പ്രാപ്തമാക്കുകയാണ്.

എല്ലാ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ജനാധിപത്യത്തിലും മതനിരപേക്ഷതയിലും തുല്യതയിലും ഉള്ള പരിശീലനമാണ് ഈ അധ്യായന വർഷത്തിൽ ഹരിശ്രീ കുറിക്കുന്നത്. കൂട്ടുകാരെ അടുത്തറിയുക, സത്യസന്ധത,സഹായ സന്നദ്ധത,സഹാനുഭൂതി, ട്രാഫിക് നിയമങ്ങൾ,പൊതുമുതൽ സംരക്ഷണം,പരിസര ശുചിത്വം,ഡിജിറ്റൽ അച്ചടക്കം,ആരോഗ്യ സംരക്ഷണം, എന്നിവ ആദ്യത്തെ പത്ത് ദിവസം കുട്ടികൾക്ക് ഓരോ മണിക്കൂർ വീതം ക്ലാസ്സ് നൽകുന്നു.

കുട്ടികളുടെ പഠന നിലവാരത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഓരോ കുട്ടിക്കും വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാണ് ക്ലാസുകൾ നയിക്കുന്നത്. പിന്നോക്കമുള്ളവരെ മുന്നോട്ടുകൊണ്ടുവരാനും വിവിധ കഴിവുകളുള്ള കുട്ടികളിൽ അത് പരിപോഷിപ്പിക്കാനും കർമ്മ പദ്ധതി തയ്യാറാക്കി. ഓരോ കർമ്മ പദ്ധതിക്കും സ്കൂൾതല മാസ്റ്റർ പ്ലാനും ഉണ്ട്. ഓരോ എസ്. ആർ ജിയിലും പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കപ്പെടുന്നു.

# ചരിത്രം

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ വില്ലേജിൽ ഒമ്പതാം വാർഡിൽ സ്ഥിതിചെയ്യുന്ന സ്കൂളാണ് പനയ്ക്കൽ ശ്രീകൃഷ്ണ വിലാസം ലോവർ പ്രൈമറി സ്കൂൾ ഇത് അമ്പലപ്പുഴ വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ പെട്ടു നിൽക്കുന്നു.

1936 ശ്രീമാൻ കൃഷ്ണൻ എന്ന വലിയ മനുഷ്യന്റെ ഇച്ഛാശക്തിക്ക് മുൻപിൽ ശിരസ് നമിച്ചു കൊണ്ടും മത്സ്യബന്ധനം ഉപജീവനം ആക്കിയ വലിയൊരു വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതി മുന്നിൽകണ്ട് ഈ സരസ്വതി ക്ഷേത്രം നിലകൊള്ളുന്നു.തലമുറകൾക്ക് അറിവിന്റെ കൈത്തിരി നാളം പകർന്നു നൽകി പ്രൗഢഗംഭീരമായ ചരിത്രം സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തി ഈ വിദ്യാലയ മുത്തശ്ശി പ്രവർത്തിയിൽ ഇന്നും യൗവനം കാത്തുസൂക്ഷിക്കുന്നു.

ഇന്ന് വിദ്യാഭ്യാസരംഗത്ത് ഉണ്ടായ മാറ്റങ്ങളും ശൈലികളും എല്ലായിടത്തും (പൊതുവിദ്യാലയങ്ങൾ) എന്നപോലെ ഈ സ്കൂളിനെയും ബാധിച്ചിട്ടുണ്ട്. പരിമിതികളെ അതിജീവിച്ച് ഇന്നും ഈ വിദ്യാലയം നിലകൊള്ളുന്നു. ഇവിടെ ഇപ്പോൾ 64 കുട്ടികൾ പഠിക്കുന്നു.നാല് അധ്യാപകരും. അർപ്പണബോധമുള്ള അധ്യാപകരും തങ്ങളുടെ മാതൃ വിദ്യാലയത്തോട് കൂറുള്ള രക്ഷിതാക്കളുടെ കൂട്ടായ്മയും ഈ സ്കൂളിനെ മുന്നോട്ടു നയിക്കുന്നു.

മികച്ച രീതിയിലുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ
അധ്യാപകരുടെ അർപ്പണ മനോഭാവം
കൊണ്ട് മെച്ചപ്പെട്ട നിലവാരത്തിലാണ്
ഐസിടി ഉപയോഗിച്ചുള്ള അറിവ് നേടൽ
വൃത്തിയുള്ളതും രുചികരവുമായ ഉച്ചഭക്ഷണം
അച്ചടക്കം പാഠ്യേതര പ്രവർത്തനങ്ങൾ
ലഹരിക്കെതിരെയുള്ള കൂട്ടായ്മകൾ,ക്ലാസ് റൂം
ലൈബ്രറിയുടെ ഉപയോഗം,കലാകരകൗശല
പ്രവർത്തനങ്ങൾ,നല്ല ആരോഗ്യ ശീലങ്ങൾ.
പിന്നോക്ക വിദ്യാർത്ഥികൾക്ക് ഉള്ള പ്രത്യേക
ക്ലാസുകൾ.,ക്വിസ് മത്സരങ്ങൾ, സ്കോളർഷിപ്പ്
ക്ലാസുകൾ,ദിനാചരണങ്ങൾ. മാനസിക ഉല്ലാസ
നൃത്തങ്ങൾ. ഇവയെല്ലാം കുഞ്ഞുങ്ങൾക്ക്
നല്ലൊരു അക്കാദമിക നിലവാരം ഉറപ്പു
നൽകുന്നു..

## പരിമിതികൾ

ദശാബ്ദങ്ങളായി മാനേജ്മെന്റ് പനയ്ക്കൽ
ദേവസ്വവുമായി നിലനിൽക്കുന്ന സിവിൽ
കേസ് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ
മെച്ചപ്പെടുത്തുന്നതിൽ തടസ്സമാകുന്നു. PTA,
MPTA,SRG എന്നിവയുടെ സാമ്പത്തിക പരാധീനത
പലപ്പോഴും ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
ഫലപ്രാപ്തിയിൽ എത്താൻ കഴിയാതെ
പോകുന്നു

. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയാൽ
ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണത്തിൽ
നല്ല വർദ്ധനവ് ഉണ്ടാക്കാൻ കഴിയും എന്ന്
അധ്യാപകർ ഉറപ്പ് നൽകുന്നു.

# കാഴ്ചപ്പാട്

*സർക്കാർ ഏകീകൃത സിലബസ് നടപ്പാക്കുക.
* പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിൽ ഗവൺമെന്റ് സ്കൂളുകൾക്ക് നൽകുന്ന അതേ ആനുകൂല്യങ്ങൾ എയ്ഡഡ് സ്കൂളുകളിലും നൽകുക
*എല്ലാ എൽപി സ്കൂളുകളിലും കലാകായിക പ്രവർത്തി പരിചയ അധ്യാപകരെ ആഴ്ചയിൽ ഒരു ദിവസം എങ്കിലും provide ചെയ്യുക.
* സ്കൂൾ പരിസരം വൃത്തിയാക്കുന്നതിൽ പഞ്ചായത്ത് ശക്തമായി ഇടപെടുക.
* എല്ലാ എൽപി സ്കൂളിലും clerk, OA post അനുവദിക്കുക.
* ഉച്ചഭക്ഷണ ഫണ്ട് വർദ്ധിപ്പിക്കുക.

## അവസ്ഥ വിശകലനം

| കുട്ടികളുടെ എണ്ണം | ആൺ | പെൺ | ആകെ |
|---|---|---|---|
| 2024-25 | 26 | 37 | 63 |
| 2025-26 | 29 | 35 | 64 |

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം നിലവിൽ

| അധ്യാപകർ | സ്ഥിരം | താത്കാലികം | 3 വർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവർ |
|---|---|---|---|
| 4 | 2 | 2 | 2 |
| പാചക തൊഴിലാളി | 1 | | |

# പൊതുവായ ലക്ഷ്യങ്ങൾ

(വിഷയാസ്പദമാക്കി)

വിഷയം : മലയാളം

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | പ്രീ-ടെസ്റ്റ്<br>അക്ഷരങ്ങളും ചിന്തകളും ഉറപ്പിക്കൽ. അക്ഷരകാർഡ് നൽകി വാക്കുകൾ നിർമ്മിക്കൽ, വാക്കുകളടങ്ങിയ കാർഡ് നൽകി വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രത്തിന് അടിക്കുറുപ്പ് തയ്യാറാക്കൽ, ചിത്രത്തിൽ നിന്ന് കഥ പറയാൻ, എഴുതാൻ, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കൽ.<br>ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തൽ | ജൂൺ ആദ്യം മുതൽ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ്സിൽ വായനക്കൂട്ടം രൂപീകരിക്കാൻ ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, വായനോത്സവം സംഘടിപ്പിക്കൽ, വായനവാരാചരണം, വായനാമത്സരം, വായനക്കുറിപ്പ് തയ്യാറാക്കൽ, ക്വിസ് മത്സരങ്ങൾ, ലഘുവിഷയങ്ങളെ ആസ്പദമാക്കി സ്വതന്ത്രരചന, സർഗ്ഗാത്മകപതിപ്പുകൾ, വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം, വായനാമൂല സജ്ജമാക്കൽ, ജന്മദിനപുസ്തകം, ചങ്ങല വായന, പ്രസംഗമത്സരങ്ങൾ. | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | എഴുത്തുകൂട്ടം രൂപീകരിക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ, ചുമർപത്രം, പതിപ്പ് ഇവ തയ്യാറാക്കൽ, കഥ, കവിത, നാടകം ഇവയുടെ രചനകളും മാസികകളും തയ്യാറാക്കുക. | ജൂൺ മുതൽ മാർച്ച് വരെ |

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| സർഗ്ഗാത്മക വികസനം | നാടകീകരണം, മൂകാഭിനയം, ബാലസഭയിൽ അവതരണം, പതിപ്പുകൾ തയ്യാറാക്കൽ, ഏകാഭിനയം, പാവനാടകാവതരണം, നാടകസംവിധാനം | രക്ഷിതാക്കളും ടീച്ചേഴ്സും |

വിഷയം : ഇംഗ്ലീഷ്

| Sl.No. | Programme | Activity | Duration | Support |
|---|---|---|---|---|
| 1. | To develop Basic Skills | Pre test<br>• Activity based t develop language skills<br>• Making Goods<br>• Making satuce<br>• Telling story<br>• Give the chance to listen and watch English story and rhyms.<br>• Word grammer. | June 1st Month<br><br>2nd month | Teachers & PTA |
| 2. | To develop reading skills (reading corner and reading group) | • Class room library<br>• Make reading note<br>• Making word card and sutuce card.<br>• Reading competition<br>• Read simple poem and story<br>• Making reading metarials with picture. | June to March | Teachers |
| 3. | English Assembly | • News reading<br>• Reading and listening english story.<br>• Precutation of reading note.<br>• Precutation of short speach, action song.<br>• Speakout things. Per sons place and impor tance of days etc. | One day in one week | Teachers |
| 4. | English Fest | • Conducting English Drama, Story telling, recitation, games<br>• Choriography, Soleplay, Skit etc. | Two days in one month | SMC<br>BRC<br>PTA |

വിഷയം : ഇംഗ്ലീഷ്

| Sl.No. | Programme | Activity | Duration | Support |
|---|---|---|---|---|
| | | • Exhibition of students products.<br>• Conduction quiz competi tions.<br>• Making magazine and wall magazine | | |
| 5. | Delleloping fluency of English | • Conducting spoken English class.<br>• Give the chance to listen English news.<br>• Conduct film show | One day in one year | |

## വിഷയം : ഗണിതം

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലം/ ചുമതല |
|---|---|---|
| ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്<br>പരിമിതികൾ - പരിഹരിക്കൽ | ജൂൺ- ജൂലൈ<br>ടീച്ചേഴ്സ് |
| ഗണിതാശയങ്ങൾ വികസിപ്പിക്കുന്നതിന് | ഗണിത ക്ലബ്ബ് രൂപീകരണം, ഗണിതമൂല, ഗണിതകഥകൾ, പാട്ട്, ക്വിസ് | |
| ചതുഷ്ക്രിയകൾ | ഗണിതകിറ്റ്<br>ഗണിതകേളികൾ<br>ചോദ്യോത്തരപ്പെട്ടി<br>പതിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ |

## വിഷയം : പരിസരപഠനം

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലം/ ചുമതല |
|---|---|---|
| പഠനയാത്ര | പഠനയാത്രയിലൂടെ പഞ്ചേന്ദ്രിയനുഭവങ്ങളിലൂടെ അറിവ് നേടുന്നു. പ്രകൃതി സംരക്ഷണം, ധാരണ, നാടിന്റെ പൈതൃകത്തെയും സംസ്കാരത്തെയും ബോധ്യപ്പെടുത്തൽ. | മാസത്തിൽ ഒന്ന് |
| മാലിന്യശേഖരണം | ഹരിതകേരളം സന്ദേശം നൽകൽ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൽ, പാഴ്വസ്തുക്കൾ പഠനോപകരണമായി മാറ്റുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| സസ്യസംരക്ഷണം | സസ്യസംരക്ഷണത്തിൽ കുട്ടികളുടെ പങ്ക് ഉറപ്പിക്കുന്നതിനായി സ്കൂൾ പരിസരത്ത് ഔഷധത്തോട്ട നിർമ്മാണം. | |
| കൃഷി | കൃഷിയുമായി ബന്ധപ്പെട്ട ഓരോ അനുഭവങ്ങഴും പാഠഭാഗങ്ങളുമായും പഠനനേട്ടങ്ങളുമായും ബന്ധപ്പെടുത്തണം. കൃഷിയിലേർപ്പെടുമ്പോൾ സ്വന്തമായ നിരീക്ഷണത്തിനും പരീക്ഷണങ്ങൾക്കും സ്വാതന്ത്ര്യം നൽകുന്നു. കർഷകനുമായി അഭിമുഖം നൽകുന്നു. | ആഴ്ചയിലൊന്ന്<br>ടീച്ചേഴ്സ് |
| പരീക്ഷണങ്ങൾ | ഉച്ചസമയത്തോ ഇടവേളകളിലോ പരീക്ഷണങ്ങളിലേർപ്പെടാൻ അവസരം ഒരുക്കുന്നു. | |
| പരിസ്ഥിതി മലിനീകരണം | പരിസ്ഥിതി മലിനീകരണം കുട്ടികളെ നേരിട്ട് ബോധ്യപ്പെടുത്തുന്നു. | |

